# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2356** **19/06/2013 ൽ മറുപടിക്ക്**

## കാരുണ്യ ഫാമിലി കാർഡ്

**ചോദ്യം**

ശ്രീ. എ. എ. അസീസ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ഫാമിലി കാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എവിടങ്ങളിലൊക്കെ ഈ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ; | (ബി) | തിരുവനന്തപുരം ജില്ലയിലാണ് ഫാമിലി മെഡിസിൻ കാർഡ് പദ്ധതി ആദ്യമായി നടപ്പിലാക്കിയത്. |
| (സി) | ഈ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (സി) | ഈ പദ്ധതിൽ അംഗമാകുവാൻ സ്ഥിരമായി കഴിക്കുന്ന മരുന്നുകളടങ്ങിയ പ്രിസ്ക്രിപ്ഷനും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അഡ്വാൻസ് തുകയായ 2500 രൂപയും ആവശ്യമാണ്. അംഗങ്ങൾക്ക് മരുന്നുകൾ 2 ശതമാനം അധിക ഡിസ്കൗണ്ടോടെ (1% ക്യാഷ് ഡിസ്കൗണ്ടും, 1% ലോയൽറ്റി ബോൺസ് പോയിന്റും) കൊറിയറായി വീടുകളിൽ എത്തിച്ചു കൊടുക്കുന്നു. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും അഡ്വാൻസ് തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. പ്രസ്തുത കാർഡിലെ അംഗങ്ങൾക്ക് ബോണസ് പോയിന്റുകൾ 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപയുടെ ഡിസ്കൗണ്ട് നൽകുന്നതാണ്. 1000 രൂപയുടെ ഗുണിതങ്ങളായി അംഗങ്ങൾക്ക് അക്കൗണ്ടിൽ തുക റീചാർജ്ജ് ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനോടകം എത്രപേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇതിനോടകം 640 പേർ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ